**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3629** **27-06-2024 - ല്‍ മറുപടിയ്ക്ക്**

**റൂസ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിള്‍** | | **ഡോ. ആര്‍. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം കോട്ടയം ജില്ലയിലെ ഏതെല്ലാം കോളേജുകള്‍ക്കാണ് റൂസ ഫണ്ടില്‍ നിന്ന് പ്രവൃത്തികള്‍ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിലെ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം കോട്ടയം ജില്ലയിലെ 19 കോളേജുകള്‍ക്ക് റൂസ പദ്ധതിയില്‍ നിന്ന് പണം അനുവദിച്ചിട്ടുണ്ട്. ഒരു കോളേജിന് 2 കോടി രൂപയുടെ പദ്ധതിക്കാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവല്‍ ബോര്‍ഡ് (പി.എ.ബി) അനുമതി നല്‍കിയിട്ടുള്ളത്. പുതിയ നിര്‍മ്മാണം, പുനരുദ്ധാരണം, പര്‍ച്ചേസ് എന്നിങ്ങനെ മൂന്ന് പ്രവൃത്തികള്‍ക്കും ചേര്‍ത്താണ് ഇപ്രകാരം ആകെ 2 കോടി രൂപയുടെ അനുമതി നല്‍കിയിട്ടുള്ളത്. കോളേജുകളുടെ പേര്, നിലവിലെ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ കാണിക്കുന്ന പട്ടിക അനുബന്ധമായി ചേര്‍ത്തിരിക്കുന്നു |
| (ബി) | ഏതെല്ലാം പ്രവൃത്തികള്‍ക്ക് എത്ര തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കുമോ? | (ബി) | (എ)-യില്‍ നല്‍കിയിരിക്കുന്നു. |

സെക്ഷന്‍ ഓഫീസര്‍

അനുബന്ധം

| നം | സ്ഥാപനത്തിന്റെ പേര് | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | St Dominics College, Kanjirapally | 50,00,000 | 2 കോടി അടങ്കൽ തുകയിൽ ഇതുവരെ 1.50 കോടി അനുവദിച്ചു നൽകി. ഇനി 50 ലക്ഷം കൂടി നൽകാനുണ്ട്. പദ്ധതി നടന്നുവരുന്നു |
| 2 | Devamatha College, Kuravilangad | 50,00,000 | ” |
| 3 | SVR NSS College, Vazhoor | 50,00,000 | ” |
| 4 | St.Mary's College Manarcaud | 50,00,000 | ” |
| 5 | St.Georges College, Aruvithura | 50,00,000 | ” |
| 6 | Assumption College,Changanassery | 50,00,000 | ” |
| 7 | KuriakoseGregorious College | 50,00,000 | ” |
| 8 | CMS College | 50,00,000 | ” |
| 9 | Baselius College, Kottayam | 50,00,000 | ” |
| 10 | St.Berchmans College | 50,00,000 | ” |
| 11 | St.Stephens College | 50,00,000 | ” |
| 12 | NSS Hindu College Changanacherry | 50,00,000 | ” |
| 13 | St.Thomas College, Palai | 50,00,000 | ” |
| 14 | Alphonsa College Pala | 50,00,000 | ” |
| 15 | Devaswom Board College, Thalayolaparambu | 50,00,000 | ” |
| 16 | Bishop Kurialacherry (BK) College for Women, Amalagiri | 50,00,000 | ” |
| 17 | St.Joseph Training College, Mannanam | 50,00,000 | ” |
| 18 | Bishop Chulaparambil Memorial(B.C.M) College | 50,00,000 | ” |
| 19 | Govt College, Nattakam | 50,00,000 | 2 കോടി പദ്ധതി അടങ്കൽ തുക മുഴുവനായും നൽകി. പ്രവൃത്തികൾ പൂർത്തികരിച്ചു. |

